# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 04/17, ചൊവ്വാഴ്ച** **തീയ്യതി 24.01.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 33.1 മുതൽ 35.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.8 മുതൽ 25.4 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 54 മുതൽ 64 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 17 മുതൽ 49 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 5.0 മുതൽ 11.1 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 5.2 മുതൽ 9.3 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.7 മുതൽ 6.4 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 25.01.2017 | 26.01.2017 | 27.01.2017 | 28.01.2017 | 29.01.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 1 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 24 | 24 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 5 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 40 | 40 | 40 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 050 | 050 | 320 | 320 | 320 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | സിഗാടോക്കരോഗം | വാഴയിൽ സിഗാടോക്കരോഗം കാണാനിടയുണ്ട്. ആക്രമണത്തിനു വിധേയമായ ഇലകൾ മുറിച്ച് കൃഷിയിടത്തിൽ നിന്നും നീക്കം ചെയ്യുക. ഈ രോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. ആക്രമണം അധികമായാൽ, ബാവിസ്റ്റിൻ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| തെങ്ങ് | വെള്ളീച്ച/കരിമ്പൂപ്പ് | തെങ്ങുകളിൽ വെള്ളീച്ചയുടെ ആക്രമണം മൂലം ഓലകളിൽ കരിമ്പൻപ്പോലെ കാണപ്പെടുന്ന രോഗമാണ് കരിമ്പൂപ്പ്. ഇതിന് പ്രതിവിധിയായി നേർപ്പിച്ച കഞ്ഞിവെള്ളം അല്ലെങ്കിൽ കഞ്ഞിപ്പശ 1% വീര്യത്തിൽ ഓലകളിൽ തളിക്കുക. |
| പച്ചക്കറികൾ | കുരുടിപ്പ് | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ മുഞ്ഞ, വെള്ളീച്ച, തുള്ളൻ മുതലായ നീരൂററി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. വിളവെടുത്തതിനു ശേഷം 5 ഗ്രാം വെർട്ടിസില്ലിയം അല്ലെങ്കിൽ മെറ്റാറൈസിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. കൂടാതെ വേപ്പിൻ പിണ്ണാക്ക് വളമായി നൽകുകയോ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ ഒന്നിടവിട്ട് തളിക്കുകയോ ചെയ്യുക. |